**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2235** **01-09-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയ സംസ്കരണ പദ്ധതികൾ ഊർജിതമാക്കി നാല് വർഷത്തിനകം ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിന് കൈമാറുന്നതിനും വേണ്ടി എം.സി.എഫ്., ആർ.ആർ.എഫ് സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫുകളിലും, ആർ.ആർ.എഫു കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ ക്രിയാത്മക പ്രവർത്തനം ഹരിതകർമ്മ സേനയെ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സഹായകമാകുന്നു.<br><br>കൂടാതെ ലോകബാങ്കിന്റെ ധനസഹായത്തോടെ നഗരസഭകളിൽ പദ്ധതികൾ നടപ്പിലാക്കാനായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് |

| | | | |
|---|---|---|---|
| | | | തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ എല്ലാ നഗരസഭകളിലും ശാസ്ത്രീയ ഖരമാലിന്യ സംസ്കരണവും, നിർമ്മാർജ്ജനവും ഉൾപ്പെടെ പൂർണ്ണമായും ശാസ്ത്രീയമായ പരിപാലനം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാൻറ് പോലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് KSIDC വഴി സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ശുചിത്വ പരിപാലനത്തിന്റെയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകാൻ നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി നൽകിയിട്ടുള്ള മാർഗനിർദേശങ്ങൾ അറിയിക്കാമോ; | (ബി) | ശുചിത്വ പരിപാലനത്തിന്റെയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്നതിന് സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 1714/2022/ ത.സ്വ.ഭ.വ. തീയതി 19.07.2022 ലൂടെ വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും ഖരമാലിന്യ പരിപാലനം ഫലപ്രദമാക്കുന്നതിനായി പ്രത്യേകം എൻജിനിയർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും കേരളത്തെ മാലിന്യമുക്തമാക്കുന്നതിനുമായി ലോകബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>എല്ലാ നഗരസഭകളിലും കെ.എസ്.ഡബ്ല്യു.എം.പി.യുടെ ഭാഗമായി നഗരസഭകളെ ഖരമാലിന്യ പരിപാലനത്തിൽ സഹായിക്കുന്നതിനായി SWM എൻജിനിയർമാരെ പദ്ധതി കാലയളവിലേക്ക് നിയമിക്കുന്നതിനായിട്ടുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | കെട്ടിടാവശിഷ്ട നിർമാർജനത്തിന് പ്രത്യേകം സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 30-07-2022-ലെ സ.ഉ.(കൈ)നം.168/2022/ ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0-ന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിൽ കെട്ടിടാവശിഷ്ട നിർമാർജനത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ശേഖരണ കേന്ദ്രങ്ങളും അതോടനുബന്ധിച്ചുള്ള പ്രോസസിംഗ് പ്ലാന്റുകളും ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ